**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3378** **11-03-2025 - ൽ മറുപടിയ്ക്ക്**

**വനഭൂമി കുടിയേറ്റക്കാരുടെ വിവരശേഖരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | 1977-ന് മുൻപ് വനഭൂമിയിൽ കുടിയേറിയ കൈവശക്കാരുടെ വിവരശേഖരണം റവന്യൂ വകുപ്പ് നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്ത് നടപടികളാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളത്; വിശദവിവരം ലഭ്യമാക്കുമോ? | (എ) | 1-1-1977ന് മുൻപായി വനഭൂമിയിൽ കുടിയേറി താമസിച്ചു വരുന്ന മുഴുവൻ പേർക്കും അതാത് പ്രദേശത്തു ബാധകമായ പതിവ് ചട്ടങ്ങൾ പ്രകാരം അവരുടെ യോഗ്യതയ്ക്കനുസൃതമായി പട്ടയം നൽകാനുള്ള നടപടിയുടെ ഭാഗമായി Joint Verification (JV) നടന്നയിടങ്ങളിൽ JV ലിസ്റ്റിൽ ഉൾപ്പെടാതെ പോയവർ, JV നടക്കാത്ത സ്ഥലങ്ങളിൽ താമസക്കാർ, നാളിതുവരെ പല കാരണങ്ങളാൽ പട്ടയത്തിന് അപേക്ഷിക്കാത്തവർ എന്നിവരുടെ സമഗ്രമായ വിവര ശേഖരണം 2024 മാർച്ച് 01 മുതൽ 30 വരെയും 2024 ജൂലൈ 10 മുതൽ 31 വരെയും നടത്തിയിട്ടുള്ളതാണ്.<br>വിവരങ്ങൾ ക്രോഡീകരിക്കുന്നതിനായി google sheet ആലപ്പുഴ ഒഴികെയുള്ള ജില്ലകളിലേയ്ക്ക് share ചെയ്തിട്ടുള്ളതും ജില്ലകളിൽ നിന്നും ആയതിൽ എൻട്രി വരുത്തിയിട്ടുള്ളതുമാണ്. വനഭൂമി വിവരശേഖരണവുമായി ബന്ധപ്പെട്ട് ജില്ലകളിൽ നിന്നും ലഭ്യമായ വിവരങ്ങൾ ഉൾപ്പെടുത്തി പോർട്ടൽ തയ്യാറാക്കുന്നതിനുള്ള നടപടി ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ സ്റ്റേറ്റ് ഐടി സെൽ മുഖേന സ്വീകരിച്ചു വരുന്നുണ്ട്.<br><br>പ്രസ്തുത പോർട്ടൽ തയ്യാറായതിനു ശേഷം ജോയിന്റ് വെരിഫിക്കേഷൻ (JV) ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും നാളിതുവരെ പട്ടയം ലഭിക്കാത്തതുമായ കൈവശക്കാർക്ക് 1993ലെ സ്പെഷ്യൽ ഭൂമി പതിവ് നിയമപ്രകാരം പട്ടയം നൽകുന്നതിനും JV ലിസ്റ്റിൽ ഉൾപ്പെടാത്ത കൈവശക്കാരുടെ മുൻഗാമികൾ പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്നത് പ്രാദേശിക അന്വേഷണം നടത്തി പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതിനും JV നടന്നിട്ടില്ലാത്ത പ്രദേശങ്ങളിൽ വനം വകുപ്പുമായി ചർച്ച നടത്തി പുതിയതായി JV നടത്തുന്നതിന്റെ അവശ്യകത സംബന്ധിച്ച് പരിശോധിക്കുന്നതിനുമുള്ള നടപടി |

| | | | |
|---|---|---|---|
| | | | സ്വീകരിക്കുന്നതാണ്. ബഹു. വനം മന്ത്രിയും റവന്യൂ മന്ത്രിയും പങ്കെടുത്ത് വനം റവന്യൂ ഉദ്യോഗസ്ഥരുടെ ഉന്നതല യോഗം മാർച്ച് 26ന് തിരുവനന്തപുരത്ത് ചേർന്നു തുടർ നടപടി സ്വീകരിക്കും. |

സെക്ഷൻ ഓഫീസർ